മാധ്യമം
ESTD 1987
THE FIRST INTERNATIONAL INDIAN NEWSPAPER
www.madhyamam.com

In the Making of an Ideal Generation
AL-FALAH PUBLIC SCHOOL

## കോതമംഗലം പാനിപ്ര അൽ ഫലാഹ് പബ്ലിക് സ്കൂൾ വാർഷിക സപ്ലിമെന്റ്




# 21ാം വാർഷിക നിറവിൽ



ഡോ. ഇ. മുഹമ്മദാലി,
അൽ ഫലാഹ് പബ്ലിക് സ്കൂൾ, പാനിപ്ര

**1. അൽഫലാഹ് പബ്ലിക് സ്കൂൾ രൂപം കൊണ്ടതിന്റെ മുഖ്യമായ ലക്ഷ്യമെന്ത്?**

പതിറ്റാണ്ടു നീണ്ടുനിന്ന വൈദേശിക ആധിപത്യം കൊണ്ട് അമർന്നുപോയ പാർശ്വവത്കരിക്കപ്പെട്ട ഒരു സമൂഹത്തിന്റെ സർവോന്മുഖമായ പുരോഗതിയാണ് അൽ ഫലാഹ് ലക്ഷ്യംവെക്കുന്നത്. പിന്നാക്കം നിന്നിരുന്ന ഒരു സമൂഹത്തെ വിദ്യാഭ്യാസപരമായി മുന്നോട്ടു കൊണ്ടുവരിക എന്നതാണ് മുഖ്യമായ ലക്ഷ്യം.

ന്യൂനപക്ഷ സമുദായം വിദ്യാഭ്യാസത്തിൽ പുറംതിരിഞ്ഞ് നിന്നതിന്റെ പേരിൽ പല മേഖലകളിൽനിന്നും പുറംതള്ളപ്പെട്ടിരുന്നു. ഇത് മറികടക്കുന്നതിന് വിവിധ മേഖലകളിലേക്ക് ഉയർത്തുക എന്നതിനൊപ്പം സർക്കാർ-അർധ സർക്കാർ സ്ഥാപനങ്ങളിലും പ്രഫഷണൽ മേഖലകളിലെയും കുറവ് നികത്തുന്നതിന് പര്യാപ്തമായ തലമുറയെ വാർത്തെടുക്കുകയാണ് ചെയ്യുന്നത്.

ആ ലക്ഷ്യം പൂർത്തീകരിക്കുന്ന രൂപത്തിൽ ഇരുപത്തിമൂന്ന് വർഷമായി പാനിപ്ര മുസ്‌ലിം ജമാഅത്തിന്റെ ശക്തമായ പിന്തുണയോടെ അൽ ഫലാഹ് പബ്ലിക് സ്കൂൾ യാത്ര തുടർന്ന് കൊണ്ടിരിക്കുന്നു.

**2. മറ്റ് സ്ഥാപനങ്ങളിൽ നിന്ന് അൽ ഫലാഹ് എങ്ങനെ വേറിട്ട് നിൽക്കുന്നു?**

= മറ്റ് സ്ഥാപനങ്ങളിൽ നിന്ന് അൽ ഫലാഹിനുള്ള പ്രത്യേത ഇസ്ലാമിക തത്വങ്ങളിൽ വേരൂന്നിയ അച്ചടക്കം, ബഹുമാനം,ധാർമ്മിക ബോധം തുടങ്ങിയ മൂല്യങ്ങളിലൂടെ വിദ്യാർത്ഥികൾ വളരുന്നുവെന്ന് ഉറപ്പാക്കിക്കൊ

*ശേഷം പേജ് 2ൽ*

» **സമൂഹത്തിന്റെ സർവോന്മുഖമായ പുരോഗതിയാണ് അൽ ഫലാഹ് മുന്നോട്ട് വെക്കുന്നത്. പിന്നാക്കം നിന്നിരുന്ന ഒരു സമൂഹത്തെ വിദ്യാഭ്യാസപരമായി മുന്നോട്ടുകൊണ്ടുവരികയാണ് മുഖ്യമായ ലക്ഷ്യം**







## കമ്മിറ്റി അംഗങ്ങൾ (ഗുഡ്‌വിൽ ചാരിറ്റബിൾ ട്രസ്റ്റ്)


അബൂബക്കർ എ.എം. (അൽ ഫലാഹ് സ്കൂൾ ട്രസ്റ്റ് ചെയർമാൻ)


സുബൈർ ഒമാനിയ (ജമാഅത്ത് സെക്രട്ടറി, സ്കൂൾ ട്രസ്റ്റ് സെക്രട്ടറി)


നിസാർ പി.എൻ. (സ്കൂൾ മാനേജർ)


റഫീഖ് ഇ.എ., (അൽ ഫലാഹ് സ്കൂൾ ട്രസ്റ്റ് ട്രഷറർ, സ്കൂൾ കോഓഡിനേറ്റർ)


മുഹമ്മദ് ടി.കെ. (ജമാഅത്ത് പ്രസിഡന്റ്)


ഹമീദ് ഇ.എൻ. (ജമാഅത്ത് വൈസ് പ്രസിഡന്റ്)


മക്കാർ സി.എം. (ജമാഅത്ത് ജോയിന്റ് സെക്രട്ടറി)


മുഹമ്മദ് ടി.എം (ജമാഅത്ത് ട്രഷറർ)


അലി ടി.എ. (സ്കൂൾ ട്രസ്റ്റ് മെമ്പർ)


മക്കാർ ടി.എസ്. (അൽ ഫലാഹ് ട്രസ്റ്റ് മെമ്പർ)


ഇസ്മായിൽ കെ.എം.


കുഞ്ഞുമുഹമ്മദ് വി.എം.


അസീസ് സി.കെ.


മൊയ്നുദ്ദീൻ ടി.എ.


അന്ത്രു പി.എ.


അലിയാർ സി.എം.


കോയാക്കുട്ടി കെ.കെ.


അസ്‌ലം കെ.എ.

പേജ് ഒന്നിൽ നിന്ന് തുടർച്ച...

ണ്ട്, ശക്തമായ ഒരു ആത്മീയ അന്തരീക്ഷത്തിലാണ് ഈ സ്കൂൾ പ്രവർത്തിക്കുന്നത്.ആത്മീയ വിദ്യാഭ്യാസത്തോടൊപ്പം, ആംഗലേയ വിദ്യാഭ്യാസത്തിനും അൽ ഫലാഹ് പ്രാധാന്യം നൽകുന്നു.ആധുനിക കാലത്ത് അഭിവൃദ്ധി പ്രാപിക്കുന്നതിന് ആവശ്യമായ ആശയവിനിമയ കഴിവുകൾ വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുന്നു. തികച്ചും സാമൂഹിക അന്തരീക്ഷത്തിൽ മൂല്യാധിഷ്ഠിതവും ഗുണമേൻമയുള്ളതുമായ വിദ്യാഭ്യാസത്തോടൊപ്പം പാഠ്യേതര പ്രവർത്തനങ്ങളായ സ്കേയ്റ്റിങ്ങ്, കരാട്ടെ, ഡാൻസ്,യോഗ, ചെസ്, പാട്ട്,പെയ്റ്റിംഗ് എന്നിവയിലൂടെ കുട്ടികളുടെ കഴിവുകൾ വികസിപ്പിച്ചെടുക്കുന്നു എന്നതാണ് ഈ സ്കൂളിന്റെ പ്രത്യേകത.അതിനോടൊപ്പം തന്നെ വിവിധങ്ങളായ മത്സര പരീക്ഷകൾ ഉൾകൊള്ളിച്ചു കൊണ്ടുള്ള പഠനരീതിയാണ് അൽ ഫലാഹ് നൽകുത്.

### 3. ദേശീയ വിദ്യാഭ്യാസ നയം (എൻ.ഇ.പി) 2020 വിഭാവനം ചെയ്യുന്നത് എന്താണ്?

=21-ാം നൂറ്റാണ്ടിലെ ആവശ്യങ്ങൾ നിറവേറ്റുന്നതിനൊപ്പം സമഗ്ര വികസനം, തുല്യത, ഉൾപ്പെടുത്തൽ എന്നിവ വളർത്തിയെടുക്കുന്ന ഒരു പരിവർത്തനാത്മക വിദ്യാഭ്യാസ സമ്പ്രദായമാണ് ദേശീയ വിദ്യാഭ്യാസ നയം (NEP) വിഭാവനം ചെയ്യുന്നത്.ബാല്യം മുതൽ ഉന്നത വിദ്യാഭ്യാസം വരെ, പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങൾ ഉൾപ്പെടെ എല്ലാവർക്കും ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക,അക്കാദമിക് മേഖലയ്ക്ക് പുറമെ,വിദ്യാർത്ഥികളുടെ വൈജ്ഞാനിക, സാമൂഹിക,വൈകാരിക, ധാർമ്മിക വളർച്ചയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് അവരുടെ മൊത്തത്തിലുള്ള വികസനം പ്രോത്സാഹിപ്പിക്കുക,ആധുനിക തൊഴിൽ ശക്തിക്കായി വിദ്യാർത്ഥികളെ സജ്ജമാക്കുന്നതിനോടൊപ്പം എല്ലാവർക്കും തുല്യ അവസരങ്ങൾ നൽകികൊണ്ട് സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി അധ്യാപകർക്ക് പരിശീലനം കൊടുത്ത് മെച്ചപ്പെട്ട വിദ്യാഭ്യാസം എന്നതാണ് നയം വിഭാവനം ചെയ്യുന്നത്.

### 4. മുസ്ലിം സമുദായത്തിലെ വിദ്യാഭ്യാസ മേഖലയിലെ നിലവിലെ അവസ്ഥ എന്താണ്?

= ഇന്ത്യയിലെ ന്യൂനപക്ഷ സമുദായങ്ങളുടെ നിലവിലെ വിദ്യാഭ്യാസത്തിന്റെ അവസ്ഥ, ചരിത്രപരവും സാമൂഹികവും സാമ്പത്തികവുമായ ഘടകങ്ങളാൽ രൂപപ്പെട്ട പുരോഗതിയെയും വെല്ലുവിളികളെയും പ്രതിഫലിപ്പിക്കുന്നു.വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള അവബോധം ഗണ്യമായി വളർന്നു,കൂടുതൽ കുടുംബങ്ങൾ അവരുടെ കുട്ടികൾക്കായി സ്കൂൾ വിദ്യാഭ്യാസത്തിന് മുൻഗണന നൽകാൻ തുടങ്ങി.അടിസ്ഥാന വിദ്യാഭ്യാസവും മതപരമായ അറിവുകൾക്കും അവരുടെയിൽ ഒരു പ്രധാന സ്ഥാനമാണുള്ളത്.ജാമിയ മില്ലിയ ഇസ്ലാമിയ, അലിഗഡ് മുസ്ലീം യൂണിവേഴ്സിറ്റി തുടങ്ങിയ സ്ഥാപനങ്ങൾ മുസ്ലീം വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനു വേണ്ടി പ്രവർത്തിക്കുന്നവയാണ്.ഈ സാഹചര്യത്തിൽ സർ സയ്യിദ് അഹമ്മദ് ഖാൻ,മൗലാനാ അബ്ദുൽ കലാം ആസാദ് ഇവരെയെല്ലാം അനുസ്മരിക്കുന്നത് വളരെ ഉചിതമായിരിക്കും.കേരളത്തിലെ വിവിധങ്ങളായ സംഘടനകൾ അതിൽ തന്നെ മുസ്ലിം ലീഗ്,പാണക്കാട് കുടുംബം ന്യൂനപക്ഷ സമുദായത്തിന്റെ വിദ്യാഭ്യാസത്തിനും പുരോഗതിക്കും വേണ്ടി സ്വാതന്ത്ര്യാനന്തരം മുതൽ പ്രവർത്തിച്ചത് ശ്ലാഘനീയമായി ചേർത്ത് പറയേണ്ടതാണ്. മൊത്തത്തിൽ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് ന്യൂനപക്ഷ സമുദായം പുരോഗതി കൈവരിച്ചു എന്നുള്ളത് സമൂഹത്തിലെ സമീപകാല ചലനങ്ങൾ പരിശോധിച്ചാൽ മനസ്സിലാവുന്നതാണ്.

### 5.മറ്റു വിദ്യാഭ്യാസരീതിയിൽ നിന്ന് സി.ബി.എസ്.ഇ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?

= ലോകത്തിലെ എല്ലാ സിലബസ്സുകൾക്കും അതിന്റേതായ പ്രതേകത ഉണ്ട്. സി.ബി.എസ്.ഇ വ്യത്യസ്തമാകുന്നത് ലോക മെമ്പാടുമുള്ള മറ്റു സിലബസുകളിൽ നിന്ന് നല്ല നിലവാരം പുലർത്തുന്നു എന്നതാണ്. എൻ.സി.ആർ.ടി പാഠ്യപദ്ധതിയാണ് സി.ബി.എസ്.ഇ പിന്തുടരുന്നത്.ഗണിതം, ശാസ്ത്രം,സാമൂഹിക ശാസ്ത്രം തുടങ്ങിയ പ്രധാന വിഷയങ്ങൾക്ക് പ്രാധാന്യം നൽകുന്നുന്നതിനോടൊപ്പം ദേശീയ തലത്തിലുള്ള വിവിധങ്ങളായ മൽസര പരീക്ഷകളായ ജെ.ഇ.ഇ, നീറ്റ് പ്രവേശത്തിനുമാണ് സി.ബി.എസ്.ഇ പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

### 6. വിദ്യാർത്ഥി സമൂഹത്തിനു കൊടുക്കാനുള്ള സന്ദേശം എന്താണ്?

:"കയ്യെത്താ കൊമ്പത്ത് കണ്ണെത്തണം
കണ്ണെത്താ ദൂരത്തു ചെന്നെത്തണം ".

ബ്രിട്ടിഷ് കവിയായ ജെസ് ഗ്ളൈന്നെ പറഞ്ഞതു പോലെ ലക്ഷ്യം ഫോക്കസ് ചെയ്ത് മുന്നോട്ട് പോവുകയാണ് വേണ്ടത്. ഇന്നത്തെ കാലത്തിലുള്ളവർ എന്ന നിലയ്ക്ക് ശക്തമായ വിശ്വാസത്തിന്റെ പിൻബലവും സർവേശ്വരനും അഹദവനുമായ ദൈവത്തിൽ അചഞ്ചലമായ വിശ്വാസവും,മാതാപിതാക്ക അനുസരിക്കുകയും,മുതിർന്ന വരെ ബഹുമാനിക്കയും, ഇളയവരോട് കരുണയുമുള്ള ഒരു പെരുമാറ്റം പരിശീലനത്തിലൂടെ നാം ആർജിച്ചെടുക്കേണ്ടതുണ്ട്.പരമാവധി പഠനത്തിലൂടെ അറിവുകൾ നേടി ഉന്നതമായ മാർക്ക് നേടി വിജയം നമുക്ക് സുനിശ്ചിതമാക്കാൻ സാധിക്കും.സ്വാമി വിവേകാനന്ദൻ പറഞ്ഞതു പോലെ "

ഉത്തിഷ്ഠത! ജാഗ്രത! പ്രാപ്യവരാൻ നിബോധത! "എല്ലാവർക്കും നല്ലതുവരട്ടെയെന്ന് ആശംസിക്കുന്നു.

Al Raai
ARABIC RESTAURENT
70343 00122, 70343 00133

wallmark ply®
Quality beyond your imagination
+91 75949 41057










al falah 2.indd 1 01/27/2025 8:35:44 PM





# അഭിമാനകരമായി അൽ ഫലാഹ് മദ്റസ

ദക്ഷിണ കേരള ഇസ്‌ലാം മത വിദ്യാഭ്യാസ ബോർഡിനു കീഴിൽ പ്രവർത്തിക്കുന്ന അൽ ഫലാഹ് മദ്റസയിൽ യു.കെ.ജി മുതൽ പ്ലസ് ടു വരെ ഏകദേശം 200 ഓളം കുട്ടികൾ പഠിക്കുന്നു. പാനിപ്ര നിവാസികളായ മദ്റസ വിദ്യാർഥികൾക്കൊപ്പം അതിഥി തൊഴിലാളികളുടെ മക്കളും വിദ്യാർഥികളാണ്.

തുടക്കം മുതൽ കഴിഞ്ഞ പൊതുപരീക്ഷ വരെ 100 ശതമാനം വിജയമാണ് മദ്റസ കരസ്ഥമാക്കിയത്. ചീഫ് ഇമാം അബ്ദുൽ റഷീദ് ബദരീയുടെ നേതൃത്വത്തിൽ സദർ മുഅല്ലിം അലി ഫൈസി, അജാസ് ബാഖവി, റമീസ് ബാഖവി, പരീത് മൗലവി തുടങ്ങിയ പ്രഗല്ഭരായ മുഅല്ലിമുകൾ സേവനം ചെയ്തുവരുന്നു. കഴിഞ്ഞ പൊതുപരീക്ഷയിൽ നാല് കുട്ടികളാണ് ഫുൾ എ പ്ലസ് കരസ്ഥമാക്കിയത്.

മദ്റസയുടെ മികച്ച പ്രവർത്തനത്തിന് പാനിപ്ര മുസ്‌ലിം ജമാഅത്ത് കമ്മിറ്റിയും പി.ടി.എ കമ്മിറ്റിയും മഹല്ല് നിവാസികളും നൽകുന്ന സഹകരണം എടുത്തുപറയേണ്ടതാണ്.

# ഏഴ് പതിറ്റാണ്ടുകൾ പിന്നിട്ട് പാനിപ്ര മുസ്‌ലിം ജമാഅത്ത്

**1952ൽ** സ്ഥാപിതമായ പാനിപ്ര മുഹിയുദ്ദീൻ ജുമാ മസ്ജിദിന് ഏഴ് പതിറ്റാണ്ട് പിന്നിടുകയാണ്. മധ്യ കേരളത്തിലെ കോതമംഗലം പ്രദേശത്തെ പ്രാചീനമായ മഹല്ല് മേതല മുസ്‌ലിം ജമാഅത്ത് ആയിരുന്നു. മേതല ജമാഅത്തിന്റെ ഭാഗമായിരുന്നു പാനിപ്ര നിവാസികളും. പാനിപ്രയിലെ പല തറവാട്ടിലെയും പിതാമഹന്മാരെ അടക്കം ചെയ്തിരിക്കുന്നത് മേതലയിലാണ്. സ്വന്തമായി ഒരു മഹല്ല് ഉണ്ടാകണമെന്ന പാനിപ്ര നിവാസികളുടെ ആഗ്രഹമാണ് മുഹിയുദ്ദീൻ ജുമാ മസ്ജിദ് നിർമാണത്തിലേക്ക് നയിച്ചത്. കേന്ദ്ര മഹല്ലിന്റെയും കൈക്കാരുടെയും അനുവാദത്തോടെ 1952 ൽ പാനിപ്ര മഹല്ല് നിലവിൽ വരികയും ജുമാ മസ്ജിദ് മഹല്ല് ആസ്ഥാനമായി നിലകൊള്ളുകയും ചെയ്തു. അന്നു മുതൽ ഇന്നുവരെ മഹല്ലിനെ നയിച്ച പല പ്രമുഖരും, ഖത്തീബുമാരും, മുഅദ്ദിൻമാരും അല്ലാഹുവിന്റെ റഹ്മത്തിലേക്ക് യാത്രയായി. അവരുടെ പരലോക ജീവിതം അല്ലാഹു വെളിച്ചമാക്കി കൊടുക്കു മാറാകട്ടെ, ആമീൻ.

പാനിപ്ര മഹല്ല് സ്ഥാപിതമായപ്പോൾ ഉള്ള ഭരണഘടന 1994 വരെ നിലനിന്നു. 1994 ൽ പൊതുജനങ്ങളുടെ സമ്മതത്തോടെ ഭരണഘടന പുതുക്കി. 1999 ൽ പഴക്കം ചെന്ന ജുമാ മസ്ജിദ് പുനർനിർമിച്ചു. പൊതുയോഗത്തിൽനിന്ന് ഭരണം സമിതിയെ ഒരു വർഷത്തേക്ക് തെരഞ്ഞെടുക്കുന്ന രീതിയാണ് ഉണ്ടായിരുന്നത്.

പിന്നീട് മഹല്ലിൽ ഇലക്ഷൻ വരികയും കമ്മിറ്റി കാലാവധി രണ്ടുവർഷമായി പുനർനിർണയിക്കുകയും ചെയ്തു. തോട്ടത്തിൽകുടി ടി.കെ. മുഹമ്മദ് പ്രസിഡൻറായും കുറ്റിച്ചിറ സുബൈർ (ഒമാനിയ) സെക്രട്ടറിയായും മഹല്ല് കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു. പാനിപ്ര മഹല്ലിന് കീഴിൽ 2003 ജനുവരി 24 ന് മദ്രസക്കും സ്കൂളിനും പാണക്കാട് ഉമറലി ശിഹാബ് തങ്ങൾ ശിലാസ്ഥാപനം നിർവഹിച്ചു. പിന്നീട് മഹല്ല് വികസന രംഗത്ത് ഒരുവൻ കുതിച്ചുചാട്ടം തന്നെ നടത്തി.

കോതമംഗലം നിയോജക മണ്ഡലത്തിൽ ഒരു മസ്ജിദിന് കീഴിൽ പ്രവർത്തനമാരംഭിച്ച ഏക സി.ബി.എസ്.ഇ സ്കൂൾ ആയ അൽ ഫലാഹ് പബ്ലിക് സ്കൂൾ മാതൃക സ്ഥാപനമായി വളർച്ചയുടെ പാതയിലാണ്. അപ്പാടത്ത് എ.എം. അബൂബക്കർ ഹാജി ചെയർമാനായും കുറ്റിച്ചിറ സുബൈർ (ഒമാനിയ) സെക്രട്ടറിയായും നിസാർ പുത്തൻവീട് മാനേജറായും സ്കൂളിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു.



*അബ്ദുൽ റഷീദ് ബദരി ചീഫ് ഇമാം* | *അലി ഫൈസി അസിസ്റ്റന്റ് ഇമാം*



*റമീസ് ബാഖവി* | *പരീത് മൗലവി* | *അബ്ദുൽ കരീം സി.എം* | *അജാസ് ബാഖവി*




ആശംസകളോടെ ...

പാക്കാട്ട്മോളേൽ കുടുംബം

രക്ഷാധികാരികൾ



മക്കാർ പി എസ് | സുലൈമാൻ പി പി | ഷിഹാബ് പി കെ | ഹംസ പി വി | ഹനീഫ പി എം



നൗഷാദ് പി എം, പ്രസിഡന്റ് | മജീദ് പി പി, വൈസ് പ്രസിഡന്റ് | അലി പി എസ്, സെക്രട്ടറി | മജീദ് പി വി, ജോ. സെക്രട്ടറി | റഷീദ് പി എ, ട്രഷറർ

കമ്മിറ്റി അംഗങ്ങൾ



മുസ്തഫ പി വി | മൈതീൻ പി എം | കുഞ്ഞുമോൻ പി എൻ | അബൂബക്കർ പി പി | ഇസ്മായീൽ പി എം | ഹംസ പി പി | സലീം പി എസ്

കോൺക്രീറ്റ് കട്ടിള, ജനാല റിംഗ്, എയർ ഹോൾ, പോസ്റ്റ്



WINDOW MART
ADIVAD
PH: 7012079230 , 9744104112

# Alif Laila

21st Annual Day Celebration 2025

28 January 2025, 7.00 pm






















